**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6444** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ്ഗക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂരഹിതരായ, ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ ഭൂരഹിതരായ, ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങളുടെ വിവരങ്ങൾ ലൈഫ് മുഖേന ശേഖരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ലിസ്റ്റ് പ്രകാരം സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 87,836 ഭൂരഹിതരാണ് ഉണ്ടായിരുന്നത്. ആയതിൽ ലൈഫ് മിഷൻ മുഖേന അനുവദിച്ച 11,807 പേർക്കും വകുപ്പ് മുഖേന അനുവദിച്ച 26,882 പേർക്കും ചേർത്ത് ആകെ 38,689 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷൻ ലിസ്റ്റ് പ്രകാരം 1,95,934 ഭവനരഹിതരാണ് ഉണ്ടായിരുന്നത്. ആയതിൽ ആകെ കുടുംബങ്ങൾക്ക് 1,23,362 വീടുകൾ അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെയും ഭൂമിയുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെയും എണ്ണം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ഭൂരഹിത ഭവന രഹിതരുടെ എണ്ണം | ഭൂമിയുള്ള ഭവന രഹിതരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 533 |
| 2 | കൊല്ലം | 49 | 177 |
| 3 | ആലപ്പുഴ | 321 | 0 |
| 4 | പത്തനംതിട്ട | 232 | 82 |
| 5 | കോട്ടയം | 188 | 132 |
| 6 | ഇടുക്കി | 447 | 1460 |
| 7 | എറണാകുളം | 133 | 280 |
| 8 | തൃശ്ശൂർ | 162 | 80 |
| 9 | കോഴിക്കോട് | 108 | 272 |
| 10 | മലപ്പുറം | 340 | 152 |

| | | | |
|---|---|---|---|
| 11 | വയനാട് | 2883 | 2703 |
| 12 | പാലക്കാട് | 479 | 739 |
| 13 | കണ്ണൂർ | 502 | 575 |
| 14 | കാസർഗോഡ് | 597 | 1195 |
| | **ആകെ** | **6441** | **8380** |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്ക് സ്ഥലവും വീട്ടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | **ഭൂരഹിത ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളിൽ ഭൂമിയും വീട്ടും ലഭ്യമാക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 38689 കുടുംബങ്ങൾക്ക് ഭൂമിയും 123362 കുടുംബങ്ങൾക്ക് ഭവനവും അനുവദിച്ചിട്ടുണ്ട്.**<br><br>**നിലവിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും ഭവനനിർമ്മാണത്തിന് ധനസഹായവും അനുവദിക്കുന്നത് ലൈഫ് മിഷൻ മുഖേനയാണ്. കൂടാതെ, ഭൂരഹിതർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, എന്നീ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കുന്നവർക്ക് മിഷൻ മുഖേന തന്നെ ഭവനനിർമ്മാണത്തിന് ധനസഹായവും അനുവദിച്ച് വരുന്നു. കൂടാതെ, വനാവകാശ നിയമപ്രകാരം കൈവശഭൂമിക്ക് വ്യക്തിഗത അവകാശവും നൽകുന്നു. മേൽ പരാമർശിച്ച പദ്ധതികൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്ഥലവും വീട്ടും ലഭ്യമാക്കുന്നതിന് പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.** |
| (സി) | ഇവർക്ക് എന്നത്തേക്ക് സ്ഥലവും വീട്ടും അനുവദിച്ച് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | **വരും സാമ്പത്തിക വർഷങ്ങളിൽ ഭൂമിയും വീട്ടും അനുവദിക്കുന്ന പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുകകൾക്കു ആനുപാതികമായി ഘട്ടം ഘട്ടമായി പട്ടികജാതി വിഭാഗക്കാർക്ക് ഭൂമിയും വീട്ടും അനുവദിക്കാൻ കഴിയുന്നതാണ്.**<br><br>**സംസ്ഥാനത്ത് ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയിട്ടുള്ള 6441 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീട്ടും, ഭൂമിയുള്ള ഭവനരഹിതരായ 8380 പേർക്ക് വീട്ടും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.** |

സെക്ഷൻ ഓഫീസർ